**SUNDAY** 26/01/2025 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/01/2025

1. കുട്ടനാട്ടിൽ പുഞ്ചകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. കർഷകർ ജാഗ്രത പുലർത്തേണ്ടതും നിരന്തരം നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്. പകൽ സമയത്തെ കഠിന ചൂടും, രാത്രിയിലെ തണുപ്പുമായ കാലാവസ്ഥയിൽ മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരേയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ, ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. കീടനിരീക്ഷണകേന്ദ്രം ഉദ്യോഗസ്ഥർ അതാത് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇതിനായി കർഷകർക്ക് 8547865338, 9074306585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. നാളികേരത്തിന്റെ വിളവെടുപ്പിനും, പരിചരണത്തിനുമായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഹലോ നാരിയൽ കോൾ സെൻററിലേയ്ക്ക് വിളിച്ച് കേര കർഷകർക്ക് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കാം. സേവനം ലഭ്യമാകുന്നതിനായി തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിൻറെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ

പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിൻറെ ചങ്ങാതിമാർക്കും കോൾ സെൻ്ററിൽ പേര് രജിസ്റ്റർ ചെയ്യാം.

3. വെള്ളായണി കാർഷിക കോളേജിലെ അഗ്രികൾച്ചറൽ സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിൽ ഒരു അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റ്/ പിഎച്ച്ഡി യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾക്ക് കാർഷിക കോളേജ്, വെള്ളായണി ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 6.02.2025 ന രാവിലെ 10 മണിക്ക് നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. വിശദാംശങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ലാൻഡ്സ്കേപ്പിംഗ്"** എന്ന വിഷയത്തിൽ സൗജന്യ മാസ്സീവ് ഓപ്പൺ ഓൺലൈന് കോഴ്സിൻറെ പുതിയ ബാച്ച് ഫെബ്രുവരി മാസം 10 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവര് ഫെബ്രുവരി 9 നകം ഈ കോഴ്സില് രജിസ്റ്റര് ചെയ്യേണ്ടതാണ്. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 10 മുതല് 'പ്രവേശനം' എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബട്ടൺ ക്ലിക് ചെയ്ത് യൂസര് ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാവുന്നതാണ്.

**5. കാർഷിക നിർദ്ദേശം**

വേനൽക്കാലത്ത് തെങ്ങിനെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് കുമ്പടപ്പ്. മണ്ണിലെ ബോറോണിന്റെ ലഭ്യതയിലുണ്ടാകുന്ന കുറവാണ് ഇതിന്റെ പ്രധാന കാരണം. ഓലകൾ ചുരുങ്ങി ചെറുതായി വരിക, ഓലകളുടെ അഗ്രഭാഗം ചീഞ്ഞ് അഴുകുക, ഓലകൾ ശരിയായി വിരിയാതെ കുടിപ്പിടിച്ചിരിക്കുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. തെങ്ങൊന്നിനു 50 ഗ്രാം വീതം ബോറാക്സ് വർഷം തോറും രണ്ടു തവണ ചേർക്കുന്നത് തെങ്ങിന്റെ ശരിയായ വളർച്ച വീണ്ടെടുക്കാൻ സഹായിക്കുന്നു. വളപ്രയോഗത്തിനുശേഷം നനച്ചുകൊടുക്കുക. മഗ്നീഷ്യം എന്ന മൂലകത്തിന്റെ കുറവുകൊണ്ട് ഓലയിൽ മഞ്ഞളിപ്പ് ലക്ഷണങ്ങൾ കാണാം. തെങ്ങൊന്നിന് 500ഗ്രാം എന്ന തോതിൽ മഗ്നീഷ്യം സൾഫേറ്റ് ചേർത്തു കൊടുക്കാം.

തെങ്ങിനെ ബാധിക്കുന്ന ഒരു പ്രശ്നമാണ് മണ്ഡരിബാധ. ഇതിനെ തടയാൻ മണ്ഡരി ബാധയുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് മിശ്രിതം തളിക്കേണ്ടതാണ്. ചെമ്പൻ ചെല്ലിയുടെ ആക്രമണം ബാധിച്ച തെങ്ങുകളുടെ മണ്ട വൃത്തിയാക്കി ഒരു മില്ലി ഇമിഡാക്ലോപ്രിഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കുമ്പിൽ ഒഴിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം